# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 26-11-2013

## ഓപ്പൺസ്കൂൾ ;
## പിരിച്ചുവിട്ട ജീവനക്കാരെ തിരിച്ചെടുക്കണം

**കെ.എസ്.ടി.എ**

ഓപ്പൺസ്കൂൾ മുഖേന പഠനം നടത്തുന്ന ഒരുലക്ഷത്തോളം ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ പഠനം സ്തംഭനാവസ്ഥയിലാക്കികൊണ്ട് അവിടുത്തെ ജീവനക്കാരെ പിരിച്ചുവിട്ട നടപടി പിൻവലിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു.

വിപുലമായ ലക്ഷ്യത്തോടെ ആരംഭിച്ച സ്ഥാപനമാണ് ഓപ്പൺ സ്കൂൾ. വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ നിയമിക്കപ്പെട്ട പരിചയസമ്പന്നരായ 65 ജീവനക്കാരെയാണ് ഇപ്പോൾ പിരിച്ചുവിട്ടിരിക്കുന്നത്. ഇതോടെ ഈ വർഷം രജിസ്ട്രേഷൻ നേടിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ പഠനം അവതാളത്തിലായിരിക്കുകയാണ്. ഒരു കാരണവുമില്ലാതെയാണ് ജീവനക്കാരെ പിരിച്ചുവിട്ടത്. പുതിയ നിയമനത്തിലൂടെ വൻ അഴിമതി നടത്താനാണ് നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിടുന്നതിലൂടെ അധികൃതർ ലക്ഷ്യമിടുന്നത്. ഓപ്പൺ സ്കൂൾ സംവിധാനംതന്നെ ഇപ്പോൾ പ്രവർത്തനരഹിതമാണ്. നാഷണൽ ഓപ്പൺ സ്കൂളിന്റെ മാതൃകയിൽ സ്റ്റേറ്റ് കൗൺസിൽ ഓഫ് ലൈഫ് ലോങ്ങ് എഡ്യുക്കേഷൻ കേരള (SCOLE Kerala) എന്നാക്കി ഈ സ്ഥാപനത്തെ ഉയർത്താനുള്ള എം.ഒ.യു.വും ചട്ടങ്ങളും അംഗീകരിച്ച് രണ്ട് വർഷം മുമ്പ് തന്നെസർക്കാർ ഉത്തരവായതാണ്. രണ്ടുവർഷമായി തുടർ നടപടികൾ മരവിപ്പിച്ചിരിക്കുകയാണ്. കുട്ടികളുടെ രജിസ്ട്രേഷനിൽ ഉൾപ്പെടെ നടത്തിയ നിരവധി ക്രമക്കേടുകളുടെ പേരിൽ ആരോപണ വിധേയനായ ആളാണ് മലപ്പുറത്തെ ലീഗുപ്രവർത്തകൻകൂടിയായ സ്റ്റേറ്റ് കോ ഓർഡിനേറ്റർ. കുട്ടികളിൽ നിന്നും രജിസ്ട്രേഷൻ ഇനത്തിൽ പിരിച്ച ഫണ്ടിന്റെ ദുർവിനിയോഗം അംഗീകരിക്കാൻ കഴിയില്ല. ഇതിന് കൂട്ടുനിൽക്കാത്തതുകൊണ്ടാണ് ജീവനക്കാരെ പിരിച്ചുവിടാൻ അത്യുത്സാഹം കാണിച്ചത്. ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കണം.

തെരഞ്ഞെടുക്കപ്പെടുന്ന ഹയർസെക്കന്ററി സ്കൂളുകളാണ് ഓപ്പൺസ്കൂളിന്റെ ജില്ലാ കേന്ദ്രമായി പ്രവർത്തിക്കുന്നത്. അവധി ദിവസങ്ങളിൽ പോലും ഇതിനായി അധ്യാപകർ ജോലി ചെയ്യേണ്ടി വരുന്നുണ്ട്. ജീവനക്കാരെ പിരിച്ചുവിട്ട് അവരുടെ ജോലി കൂടി അധ്യാപകരുടെ തലയിൽ കെട്ടിവെയ്ക്കാനാണ് നീക്കം. ഒരു കാരണവശാലും ഇതനുവദിക്കുന്നതല്ല. ജീവനക്കാരെ അടിയന്തിരമായി തിരിച്ചെടുത്ത് ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ അധ്യാപകരും വിദ്യാർത്ഥികളും ശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി